പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത<br>നിയമസഭാ ചോദ്യം നം. 7325 | 14/07/2014 -ൽ<br>മറുപടിയ്ക്ക് |

ഹിൽ ഏരിയ ഡെവലപ്പ്മെന്റ് പദ്ധതിയിൽ ഉൾപ്പെട്ട
കൊടുവള്ളി മണ്ഡലത്തിലെ പഞ്ചായത്തുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ | | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) |
| (എ) | ഹിൽ ഏരിയ ഡെവലപ്പ്മെന്റ് പദ്ധതിയിൽ കൊടുവള്ളി മണ്ഡലത്തിലെ എത്ര പഞ്ചായത്തുകൾ ഉൾപ്പെട്ടിട്ടുണ്ടെന്നും ഈ പഞ്ചായത്തുകളിൽ ഇതു സംബന്ധമായ എന്തെങ്കിലും പ്രവൃത്തി നടക്കുന്നുണ്ടോയെന്നും വിശദമാക്കുമോ; | (എ) | കൊടുവള്ളി മണ്ഡലത്തിലെ താമരശ്ശേരി, കൊടുവള്ളി, കിഴക്കോത്ത്, മടവൂർ, നരിക്കുനി, ഓമശ്ശേരി എന്നീ ഗ്രാമ പഞ്ചായത്തുകളാണ് ഹിൽ ഏരിയ ഡവലപ്പ്മെന്റ് ഏജൻസിയുടെ പ്രവർത്തന പരിധിയിൽ ഉൾപ്പെട്ടിട്ടുള്ളത്. ഒന്നാംഘട്ടമെന്ന നിലയിൽ താമരശ്ശേരി ഗ്രാമപഞ്ചായത്തിൽ ഹിൽ ഏരിയ ഡവലപ്പ്മെന്റ് ഏജൻസി വഴിയായി പ്രവർത്തികൾ നടക്കുന്നുണ്ട്. |
| (ബി) | എന്തെല്ലാം പ്രവൃത്തികളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ? | (ബി) | ചെറിയ അരുവികളിൽ ചെക്ക് ഡാം നിർമ്മാണം, പരിസ്ഥിതി സൗഹൃദ കുടിവെള്ള പദ്ധതി, റോഡ് പുനരുദ്ധാരണ പദ്ധതി, പഴം പച്ചക്കറി വികസന പദ്ധതി എന്നിവയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുന്നത് |
| (സി) | 2014-15 വർഷത്തേക്കുള്ള പ്രൊപ്പോസലുകൾ സർക്കാരിൽ ലഭ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ? | (സി) | ഉണ്ട്. |

Bijumon
സെക്ഷൻ ഓഫീസർ